**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**<u>പോലീസ് സേനയുടെ നവീകരണം</u>**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*22** **4/06/2018-ൽ മറുപടിക്ക്**

**ചോദ്യം**

**ശ്രീ. ഐ.ബി. സതീഷ്**

**ശ്രീ. എസ്.ശർമ്മ**

**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**

**ശ്രീ. പി.കെ. ശശി**

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശക്തമായ ഇടപെടലിലൂടെ ക്രമസമാധാന പാലനത്തിൽ രാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കാൻ ഈ സർക്കാരിന് സാധിച്ചുവെങ്കിലും, മാറ്റങ്ങൾ സ്വാംശീകരിക്കാൻ തയ്യാറല്ലാത്തവരോ ക്രിമിനൽ സ്വഭാവം വച്ച് പുലർത്തുന്നവരോ ആയ ചില പോലീസ് സേനാംഗങ്ങളുടെ പ്രവൃത്തികൾ പോലീസിനാകെ കളങ്കം ചാർത്തുന്നതായതിനാൽ, ഇക്കൂട്ടരെ നിയന്ത്രിക്കാൻ വേണ്ടി ഏത് രീതിയിലുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം വച്ച് പുലർത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടികളും നിയമനടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവം ഉള്ളവരും മാത്രമേ പോലീസ് സേനയിൽ നിയമിതരാവുകയുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ ഉദ്യോഗാർത്ഥിയുടെ നിയമനത്തിന് മുന്നോടിയായി അവരുടെ വിവരങ്ങൾ അന്വേഷിച്ചും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവരുടെ നിയമനം തടയുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (ബി) | കുറ്റകൃത്യങ്ങൾ തെളിയിക്കാൻ മൂന്നാംമുറയ്ക്ക് പകരം ശാസ്ത്രീയ രീതികൾ വ്യാപകമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | കുറ്റവാളികളെ ശാസ്ത്രീമായി ചോദ്യം ചെയ്യുന്നതിലേക്കായി എല്ലാ ജില്ലാ ക്രൈം ബ്രാഞ്ചുകളിലും മോഡേൺ ഇന്ററോഗേഷൻ റൂം തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്രീയമായി അന്വേഷണ രീതിയിലൂടെ തെളിവ് |

| | | | |
|---|---|---|---|
| | | | ശേഖരിക്കുന്നതിലേക്കായി സയിന്റിഫിക്ക് ഓഫീസർ, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ സേവനം ആവശ്യമായ എല്ലാ കേസുകളിലും പ്രയോജനപ്പെടുത്തുന്നുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിലേക്കായി പൊതുസ്ഥലങ്ങളിലും മറ്റും വ്യാപാരി വ്യവസായികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചു വരുന്നു. കൂടാതെ റോഡ് സേഫ്റ്റി സ്കീമിൽ ഉൾപ്പെടുത്തി നഗരത്തിൽ പ്രധാന സ്ഥലങ്ങളിൽ കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. Audio recorder, Video recorder, Aska light, Investigation Kit, Computers, Digital Professional type video camera, Digital SLR camera, Zoom stereo micro, UV light source, White light source, Digital vernier caliper, Digital Screw gauge etc. എന്നിവ ഉപയോഗിച്ച് കേസന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്തിവരുന്നു. Scientific Assistant, Finger Print Expert, Department photographer |

| | | | |
|---|---|---|---|
| | | | എന്നിവരുടെ സേവനവും ഉപയോഗിച്ചു വരുന്നു. |
| (സി) | സേനാ നവീകരണത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;പോലീസ് പരിശീലനത്തിൽ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിനായി സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിനായി ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ആന്റ് സിസ്റ്റം (സി.സി.ടി.എൻ.എസ്.) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് കേസുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ വഴി അറിയാൻ സാധിക്കും. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തിര പരിഹാരം ലഭ്യമാക്കുന്നതിന് എ.എസ്.ഐ. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ പബ്ലിക്ക് റിലേഷൻ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം വളരെ കാര്യക്ഷമമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും 'രക്ഷ ' Know your police station App, Trial |

| | | | |
|---|---|---|---|
| | | | monitoring App, online traffic offence reporting and Fine remittance, Women Safety and Emergency response, Dial-100, Police clearance certificate app, Virtual Police guide for Public Service and Enquiries, "തുണ" തുടങ്ങിയ മൊബൈൽ/വെബ്ബ് ആപ്ലിക്കേഷനുകൾ വികസിപ്പിച്ചു .<br>നിരവധി അത്യാധുനിക ഉപകരണങ്ങൾ കേരളാ പോലീസിനായി ലഭ്യമാക്കുകയുണ്ടായി. കൂടാതെ ശാസ്ത്രീയ കുറ്റാന്വേഷണത്തിന്റെ ഭാഗമായി ഫോറൻസിക് ഉപകരണങ്ങൾ ആയ Fourier Transform Infrared (FTIR), Spectrometer, Advanced equipment for document examination, Digital Zoom Stereo Microscope തുടങ്ങിയവ FSL-ന് ലഭ്യമാക്കുകയുണ്ടായി. ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar) വേഗത നിർണ്ണയ ക്യാമറകൾ (Speed Detection camera) വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ |

| | | | |
|---|---|---|---|
| | | | പോസിഷനിംഗ് സിസ്റ്റം (Vehicle mounted global positioning system) തുടങ്ങിയവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ